# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.15558/23/BUD

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
22/12/2023.

## സർക്കുലർ

വിഷയം:- ആർ.ആർ ഓൺലൈൻ - റവന്യൂ റിക്കവറി നടപടിക്രമങ്ങൾ സംബന്ധിച്ച്.

സൂചന:- 1. ബഹു:ഹൈക്കോടതിയുടെ DBP.43/2023 നമ്പർ വിധിന്യായം.
2. ഈ ആഫീസിലെ 30/05/2023-ലെ ROC.13512/22/BUD നമ്പർ സർക്കുലർ.
3. ഈ ആഫീസിലെ 19/10/2023-ലെ മേൽ നമ്പർ സർക്കുലർ ഉത്തരവ്.

ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ കൃത്യമായി പാലിക്കുന്നത് സംബന്ധിച്ച് ഈ ആഫീസിൽ നിന്ന് സർക്കുലർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു (സൂചന 2, 3). ടി വിഷയത്തോടനുബന്ധിച്ച് സൂചന (1) കോടതി വ്യവഹാരങ്ങൾ നിലവിലുള്ളതിനാൽ, പ്രസ്തുത സർക്കുലർ ഉത്തരവുകൾ പ്രകാരം കൈക്കൊണ്ട നടപടി വിവരങ്ങൾ വളരെ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

റവന്യൂ റിക്കവറി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാനുള്ളവർ 2 ദിവസത്തിനുള്ളിൽ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടികൾ എടുക്കേണ്ടവരുടെ പേരു വിവരം, സ്വീകരിക്കുന്ന നടപടി വിവരം എന്നിവയും സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

ഈ സംഗതിയിന്മേൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
4. എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
5. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
6. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
7. എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
8. ഐ.റ്റി ഡിവിഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
9. ഫെയർ ഓഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.22/12